**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3360** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതി എത്ര ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ബാവിക്കര ടൂറിസം പദ്ധതിയ്ക്ക് രണ്ടു ഘട്ടങ്ങളിലായി കിയോസ്ക്, ടോയ്‌ലറ്റ്, ടിക്കറ്റ് കൗണ്ടർ, സീറ്റിംഗ്/ കിഡ്സ് ഡിസ്പ്ലേ ഏരിയ, ബ്രിഡ്ജ്, സിവിൽ വർക്ക്സ്, ഇലക്ട്രിക്കൽ വർക്ക്സ് എന്നീ ഘടകങ്ങൾ ചെയ്യുന്നതിന് 24.07.2023തീയതിയിലെ സ.ഉ.(സാധാ)നം. 364/2023/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 4,91,63,463/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി M/s Habitat Technology group എന്ന ഏജൻസിയെ തിരഞ്ഞെടുക്കുകയും പദ്ധതിയുടെ നിർമ്മാണത്തിനായി ടി ഏജൻസിയ്ക്ക് 25.02.2024ൽ വർക്ക് ഓർഡർ നൽകുകയുമുണ്ടായി. എന്നാൽ പ്രസ്തുത പദ്ധതിയുടെ നിർമാണത്തിനായി CRZ ക്ലിയറൻസ് അനുമതി ആവശ്യമായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്ത് മുഖേന നൽകിയിട്ടുണ്ട്. CRZ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ